EA2 8 10/6/21

File No.HEALTH-A3/71/2021-HEALTH

35108

8/6

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് -ആരോഗ്യ വകുപ്പ് -ജീവനക്കാര്യം - ഡോ.ദിവ്യ കെ.എസ് ഫയൽ ചെയ്ത ഒ.എ237/2021 നമ്പർ കേസിലെ വിധിന്യായം നടപ്പിലാക്കി ഉത്തരവാകുന്നു.

---

ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്

സ.ഉ.(സാധാ) നം.1175/2021/ആ.ക.വ തീയതി,തിരുവനന്തപുരം, 02/06/2021

---

പരാമർശം:-
1 ബഹു .അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 22.02.2021 തീയതിയിൽ ഒ എ നം 237/2021 നമ്പർ കേസിൽ പുറപ്പെടുവിച്ച ഉത്തരവ്
2 ഡോ.ദിവ്യ.കെ.എസ് 15.02.2021 തീയതിയിൽ സമർപ്പിച്ച അപേക്ഷ (Annexure A7)
3 ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 28.03.2021 തീയതിയിലെ ഇഎ2-9475/2021/ആവഡ നമ്പർ കത്ത്

## ഉത്തരവ്

ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ കുരാച്ചുണ്ട് പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ അസിസ്റ്റന്റ് സർജനായിരുന്ന ഡോ.ദിവ്യ കെ.എസ്-ന്, 2020 വർഷത്തെ അസിസ്റ്റന്റ് സർജൻമാരുടെ ജനറൽ ട്രാൻസ്ഫറിൽ കോഴിക്കോട് മരുതോങ്കര പ്രാഥമികാരോഗ്യ കേന്ദ്രത്തിലേയ്ക്ക് സ്ഥലംമാറ്റം നൽകപ്പെട്ടു. പ്രസ്തുത സ്ഥലംമാറ്റത്തിനെതിരെ ഡോ.ദിവ്യ.കെ.എസ്, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഒ.എ 237/2021 നമ്പരായി കേസ് ഫയൽ ചെയ്യുകയുണ്ടായി. ഇതേ ആവശ്യം ഉന്നയിച്ചുകൊണ്ട് മെഡിക്കൽ ഓഫീസർ പരാമർശം (2) പ്രകാരം സർക്കാരിലേയ്ക്കും അപേക്ഷ സമർപ്പിച്ചിരുന്നു. ഒഎ 237/2021 നമ്പർ കേസിൽ ബഹു അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം ഡോ.ദിവ്യ കെ.എസ് സമർപ്പിച്ച അപേക്ഷ ( Annexure A7) യിൻമേൽ ഒന്നാം എതിർ കക്ഷിയായ സർക്കാർ തീരുമാനമെടുക്കണമെന്ന് നിർദേശിച്ചിരുന്നു .

(2) ഡോ.ദിവ്യ കെ.എസ് സമർപ്പിച്ച അപേക്ഷ പ്രകാരം, 2020 ജനറൽ ട്രാൻസ്ഫറിന്റെ അപേക്ഷ ക്ഷണിക്കുന്ന സമയത്ത് ടിയാൾ Transfer Not Required എന്നാണ് നൽകിയിരുന്നതെന്നും കൂടാതെ ട്രാൻസ്ഫർ നൽകപ്പെടുകയാണെങ്കിൽ പരിഗണിക്കുന്നതിനായി CHC Koduvally, MCH Cherooppa, CHC Thalakkulathoor, FHC Chooloor, FHC Kunnamangalam എന്നീ 5 സ്റ്റേഷനുകൾ നൽകിയിരുന്നതായും വ്യക്തമാക്കിയിരുന്നു. എന്നാൽ ആരോഗ്യ വകുപ്പ് ഡയറക്ടർ പുറപ്പെടുവിച്ച ഡ്രാഫ്റ്റ് ട്രാൻസ്ഫർ ലിസ്റ്റിൽ ടിയാളുടെ പേർ മരുതോങ്കര പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് സ്ഥലംമാറ്റം നൽകുന്നതിനായി ഉൾപ്പെടുത്തിയിരുന്നതായും ആയതിനെതിരെ ടിയാൾ 29.08.2020ന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് അപ്പീൽ സമർപ്പിച്ചതായും തുടർന്ന് 28/10/2020 മുതൽ ടിയാൾ പ്രസവാവധിയിൽ പ്രവേശിച്ചതായും വ്യക്തമാക്കിയിരിക്കുന്നു. തുടർന്ന് 20.01.2021ൽ പ്രസിദ്ധീകരിക്കപ്പെട്ട ഫൈനൽ ലിസ്റ്റിൽ ടിയാളെ മരുതോങ്കര സ്റ്റേഷനിലേക്ക് സ്ഥലംമാറ്റിയതായും, ടിയാൾക്ക് പകരമായി കുരാച്ചുണ്ട് പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് നിയമനം നൽകപ്പെട്ടയാൾ ഉത്തരവിറങ്ങി അടുത്ത

ദിവസം തന്നെ ചാർജെടുത്തതായും, Maternity Leave ലായിരുന്ന ടിയാളെ സ്ഥലംമാറ്റം ചെയ്തത് ചട്ടങ്ങൾക്കു വിരുദ്ധമാണെന്നും ടിയാൾക്ക് കൂരാച്ചുണ്ട് സ്റ്റേഷനിൽ തന്നെ നിയമനം നൽകണമെന്നതുമാണ് അപേക്ഷയിലെ ആവശ്യം.

(3) ഡോ.ദിവ്യ ഫയൽ ചെയ്ത അപേക്ഷയിൻ മേൽ പരാമർശം (3) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ലഭ്യമാക്കിയിരിക്കുന്നു. ട്രാൻസ്ഫറിന്റെ കരട് ഉത്തരവിൽ, സ്ഥലം മാറ്റത്തിൽ പരിരക്ഷകൾ വേണ്ട അപേക്ഷകർ ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളുടെ/ഉത്തരവിന്റെ പകർപ്പ് സഹിതം ജില്ലാ മെഡിക്കൽ ഓഫീസർ മുഖേന അപ്പീൽ സമർപ്പിക്കുന്നതിന് നിർദേശം നൽകിയിരുന്നതായും എന്നാൽ ഡോ.ദിവ്യ കരട് ലിസ്റ്റിൻമേലുള്ള അപ്പീൽ അപേക്ഷ ജില്ലാ മെഡിക്കൽ ഓഫീസർ മുഖേന സമർപ്പിച്ചിട്ടില്ലെന്നും പൊതുസ്ഥലംമാറ്റത്തിന് അപേക്ഷ ക്ഷണിച്ച വേളയിൽ ഡോ.ദിവ്യ ഓപ്ഷൻ സമർപ്പിച്ചിരുന്ന സ്റ്റേഷനുകളിലേക്ക് ടിയാളെക്കാൾ സീനിയറായ ഉദ്യോഗസ്ഥർക്ക് സ്ഥലം മാറ്റം നൽകേണ്ടി വന്നതിനാലാണ് ടിയാൾക്ക് ടി സ്റ്റേഷനുകളിൽ നിയമനം നൽകാതെ അവശേഷിച്ച മരുതോങ്കര സ്റ്റേഷനിലേക്ക് നിയമനം നൽകേണ്ടി വന്നതെന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു

(4) 25.02.2017 ലെ സ.ഉ(പി) നം 3/2017/ഉഭപ ഉത്തരവ് പ്രകാരം, പ്രസവാവധി കഴിഞ്ഞ് മടങ്ങി വരുന്ന ജീവനക്കാരെ, അവർ ഏതു സ്റ്റേഷനിൽ നിന്നാണോ അവധിയിൽ പ്രവേശിച്ചത് അതേ സ്റ്റേഷനിൽ തന്നെ ഒരു വർഷത്തേയ്ക്ക് നിയമനം നൽക്കേണ്ടതാണെന്നും, അവർ അവരുടെ ഇഷ്ടപ്പെട്ട സ്റ്റേഷനിലേക്ക് സ്ഥലംമാറ്റം കിട്ടാൻ അപേക്ഷിക്കുകയാണെങ്കിൽ അവരുടെ അപേക്ഷയ്ക്ക് ഒന്നാമതായി പരിഗണന നൽകണമെന്നും വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. മേൽപ്പറഞ്ഞ സാഹചര്യത്തിൽ ഡോ.ദിവ്യ കെ.എസ് നെ കൂരാച്ചുണ്ട് സാമൂഹികാരോഗ്യ കേന്ദ്രത്തിൽ നിലനിർത്തുന്നതിന് ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് ആരോഗ്യ വകുപ്പ ഡയറക്ടർക്ക് നിർദേശം നൽകി ഉത്തരവാകുന്നു. ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 22.02.2021 തിയതിയിൽ ഒഎ നം 237/2021 നമ്പർ കേസിൽ പുറപ്പെടുവിച്ച വിധി ഇപ്രകാരം അനുപാലിച്ചു കൊള്ളുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രമേഷ് ജി ആർ

ഡെപ്യൂട്ടിസെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ കേരള,തിരുവനന്തപുരം (ആമുഖക്കത്ത് സഹിതം )

ആരോഗ്യ വകുപ്പ് ഡയറക്ടർ ,തിരുവനന്തപുരം

ഡോ.ദിവ്യ.കെ.എസ്,അഞ്ജലി,ബാലുശ്ശേരിമുക്ക്.പി.ഒ, നമ്മിണ്ട, കോഴിക്കോട് 673613

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള ,തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ